പരമാവധി രണ്ടു തലങ്ങളിൽ ഫയൽ കണ്ടാൽ മതിയെന്ന നിർദ്ദേശം സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും ബാധകമാക്കിയിട്ടുണ്ട്. കൂടാതെ സെക്ഷൻ ഓഫീസർ മുതൽ മന്ത്രിവരെ ഫയൽ നീങ്ങുന്നതിന് പരമാവധി സമയം പത്തു ദിവസമായും ടി ഉത്തരവിൽ നിശ്ചയിച്ചിട്ടുണ്ട്. വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സബോർഡിനേറ്റ് ആഫീസുകളിലേയും തിരിച്ചും അയക്കുന്ന കത്തുകൾക്ക് പ്രാഥമിക മറുപടിയും അന്തിമ മറുപടിയും നൽകുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലറും നിലവിലുണ്ട്.

ഭിക്ഷാടനവും ബാലവേലയും നിരോധിക്കാൻ നിയമം

9 [804] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്നും കുട്ടികളെ വിലയ്ക്കു വാങ്ങി ഭിക്ഷാടനത്തിനും ബാലവേലയ്ക്കുമായി കേരളത്തിൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതു സംബന്ധമായി ഏതെങ്കിലും സംഘത്തെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ നിരോധിക്കുന്നതിന് നിലവിൽ നിയമമുണ്ടോ, എങ്കിൽ പ്രസ്തുത നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള നിയമം പര്യാപ്തമല്ലെങ്കിൽ ആവശ്യമായ നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) നിലവിൽ നിയമമുണ്ട്. 2000-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 24 (1) പ്രകാരം കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നത് ശിക്ഷാർഹമാണ്. കൂടാതെ ജെ. ജെ. ആക്ട് സെക്ഷൻ 27 പ്രകാരം ഇതു പോലീസിന് നേരിട്ട് കേസ്സ് എടുക്കാവുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

(ഇ) ഇപ്പോഴത്തെ നിയമം പര്യാപ്തമായതിനാൽ പുതിയ നിയമനിർമ്മാണം നടത്തേണ്ട ആവശ്യമില്ല.

വി.ജെ.ടി. ഹാളിന്റെ നിയന്ത്രണവും ജപ്തി നടപടികളും

10 [807] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള വി.ജെ.ടി. ഹാളിന്റെ സംരക്ഷണവും നിയന്ത്രണവും ഏത് വകുപ്പിനാണ്;

LIBRARY ARCHIVES Kerala Legislative Assembly